ഉത്തരം

(എ) 120.

	ലോഡ്ജിന്റെ എണ്ണം	*മുറികളുടെ എണ്ണം*
മൂന്നാർ	55	575
വണ്ടിപ്പെരിയാർ	2	18
കട്ടപ്പന	16	229
കുമളി	29	443
കൽപ്പറ്റ	18	344

(ബി) 16,80,656 രൂപ.

(സി) നഗരസഭകൾ സ്ഥലത്തിന്റെ പ്രാധാന്യമനുസരിച്ച് ന്യായമായ നികുതി ചുമത്തുകയും മേൽ നികുതി തുക അടച്ചു വരുന്നുമുണ്ട്. എന്നാൽ പഞ്ചായത്ത് പ്രദേശങ്ങളിൽ പണിപൂർത്തിയാക്കി കെട്ടിട നമ്പരിന് അപേക്ഷ നൽകുന്ന സമയത്ത് ബന്ധപ്പെട്ട സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ടി സ്ഥാപനം പരിശോധിച്ചു നികുതി തിട്ടപ്പെടുത്തി വരുന്നു. ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പഞ്ചായത്തുകളിലെ പിരിവ് സംബന്ധിച്ച് അവലോകനം നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭിക്കുവാനുള്ള നികുതി യഥാസമയം പിരിച്ചെടുക്കുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നൽകി വരുന്നു.

കൊണ്ടോട്ടി കേന്ദ്രീകരിച്ച് പുതിയ പഞ്ചായത്ത്

88 [2520] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കരിപ്പൂർ പ്രദേശം കേന്ദ്രീകരിച്ച് ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്തുകളുടെ വിഭജനത്തിന്റെ മാനദണ്ഡമായി ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനസംഖ്യ മാത്രം മാനദണ്ഡമായി നിജപ്പെടുത്തുന്നത് അശാസ്ത്രീയ മാണെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) 50,000-ൽ അധികം ജനസംഖ്യയും, 30 ച.കി. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണവും തനത് ഫണ്ട് സ്വരൂപിക്കാൻ ശേഷിയുള്ളതുമായ ഗ്രാമപഞ്ചായത്തു കളെ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുവാനാണ് സർക്കാർ തീരുമാനി ച്ചിട്ടുള്ളത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മേൽപ്പറഞ്ഞ മാനദണ്ഡങ്ങളിൽ കരിപ്പൂർ ഉൾപ്പെടുന്ന കൊണ്ടോട്ടി പഞ്ചായത്ത് ഉൾപ്പെടാത്തതിനാൽ പ്രസ്തുത പഞ്ചായത്ത് വിഭജിച്ച് കരിപ്പൂർ പഞ്ചായത്ത് രൂപീകരിക്കാൻ കഴിയില്ല.

(ഡി) ജനസംഖ്യ മാത്രമല്ല, വിസ്തൃതി, തനത് ഫണ്ട് സ്വരൂപിക്കാനുള്ള ശേഷി എന്നിവയും മാനദണ്ഡമായി പരിഗണിച്ചിട്ടുണ്ട്.

കാവന്നൂരിലെ അനധികൃത അറവുശാല

89 [2521] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ കാവന്നൂർ അങ്ങാടിക്ക് സമീപം അനധികൃത അറവുശാല പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പരിസരവാസികൾ അനുഭവിക്കുന്ന ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് പരിസരവാസികളുടെ പരാതി മലപ്പുറം ജില്ലാ കലക്ടർക്കും ഗ്രാമപഞ്ചായത്ത് അധികൃതർക്കും ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ പരാതിയിൻമേൽ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) & (ഡി) ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. ജില്ലാ കലക്ടറിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു. പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

GPM. 2/588/2012—16

LIBRARY ARCHIVES Kerala Legislative Assembly